# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.724 11.07.2016 ൽ മറുപടിക്ക്**

## ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി

**ചോദ്യം**

ശ്രീ.ഐ.ബി. സതീഷ്
,, പി.ടി.എ. റഹീം
,, മുരളി പെരുനെല്ലി
,, ജെയിംസ് മാത്യു

എ) മുൻ സർക്കാർ ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കുമോ;

ബി) പ്രസ്തുത പദ്ധതി നടപ്പാക്കാനായി മുൻ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തിരുന്നു; പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിരുന്നോ;

സി) പദ്ധതിക്കായി ചെലവിട്ട തുക എത്ര ; പ്രസ്തുത പദ്ധതിയ്ക്കായി ഇനിയെത്ര തുക കൂടി വേണ്ടിവരും; ഇതിനായി ബ്ഡ്ജറ്റിൽ തുക അനുവദിച്ചിരുന്നോ എന്ന് വ്യക്തമാക്കുമോ;

ഡി) പ്രസ്തുത പദ്ധതി നിർദ്ദിഷ്ട രീതിയിൽ നടപ്പാക്കാനാണോ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ ജി സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) ബി) സി) & ഡി) പ്രഖ്യാപിച്ചിരുന്നു. അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഓരോ ഫ്ളാഗ്ഷിപ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. അതനുസരിച്ച് 10.06.2015-ലെ സർക്കാർ ഉത്തരവ് നം. (ആർ.റ്റി.) 801/2015/പൊ.മ.വ പ്രകാരം 21 പദ്ധതികൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങളാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്. പദ്ധതിയുടെ നടത്തിപ്പിന് വേണ്ടി വരുന്ന ധനസമാഹരണ ചുമതല കേരള റോഡ് ഫണ്ട് ബോർഡിനാണ്. 30.06.2015-ലെ സർക്കാർ ഉത്തരവ് നം. (കൈ) 112/2015/റ്റി.ഡി പ്രകാരം സംസ്ഥാനത്ത് വിൽക്കുന്ന പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ഒരു രൂപാ ക്രമത്തിൽ ചുമത്തിയ അധിക വിൽപ്പന നികുതിയുടെ 50% തുകയാണ് ഈ പദ്ധതിയുടെ നടത്തിപ്പിനായി ലഭ്യമാക്കുന്നത്. ഇതനുസരിച്ച് 2015-16 സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽ ലഭിക്കേണ്ട അധിക വില്പന നികുതി വിഹിതമായ 50 കോടി രൂപ അനുവദിച്ചു നൽകുന്നതിനുള്ള കേരള റോഡ് ഫണ്ട് ബോർഡിന്റെ ശുപാർശ സർക്കാരിന്റെപരിഗണനയിലാണ്.പരിപാടിയിൽ ഉൾപ്പെട്ട 10 പദ്ധതികൾ ഒന്നാം ഘട്ടമായി നടപ്പാക്കുന്നതിന് വിശദമായ രൂപരേഖ തയ്യാറാക്കി 20.02.2016-ലെ സർക്കാർ ഉത്തരവ് (കൈ) നം. 7/2016/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി. ഇവയുടെ അടങ്കൽ തുക 1620.3 കോടി രൂപയാണ്. ഇതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. ഇത് സംബന്ധിച്ച നയപരമായ തീരുമാനമൊന്നും ആയിട്ടില്ല.

സെക്ഷൻ ഓഫീസർ